**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1070** **31-01-2024 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡിസാലിനേഷൻ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രാരംഭ ചർച്ച നടത്തുകയും തുടർന്ന് 07.11.2021-ൽ സ്ഥലം എം.എൽ.എ. ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ ചർച്ചയുടെ വിശദാംശങ്ങൾ അറിയിക്കുകയുണ്ടായി. ടി പ്രോജക്ടിന്റെ PER തയ്യാറാക്കുവാൻ NIOTയോട് നിർദ്ദേശിക്കുവാനും ആയത് 15 ദിവസത്തിനകം നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത PER നവംബർ 2021-ൽ NIOT നൽകുകയും ചെയ്യിട്ടുണ്ട്. ടി PERനെ സംബന്ധിച്ച് പഞ്ചായത്ത് അധികൃതർ, ഹാർബർ മാനേജ്മെന്റ് കമ്മിറ്റി, മത്സ്യതൊഴിലാളി എന്നിവരുടെ പ്രതിനിധികളുമായി ചേർന്നുകൊണ്ട് 14.01.2022-ൽ ചർച്ച നടത്തുകയും തുടർന്ന് പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി സ്ഥലത്തിന്റെ വിശദാംശങ്ങൾ, ക്ലിയറൻസ് എന്നിവയെപ്പറ്റി വിവരങ്ങൾ ശേഖരിക്കുവാൻ ഫിഷറീസ് ഡിപ്പാർട്ട്മെൻറിനോട് നിർദ്ദേശം നൽകുകയും ചെയ്തു.<br><br>21.08.2022- ൽ കളക്ടറേറ്റ് കോൺഫറൻ ഹാളിൽ നടന്ന DDC യോഗ തീരുമാനപ്രകാരം 12.10.2022-ൽ കഴപിള്ളി വില്ലേജ് അധികൃതർ, വാട്ടർ അതോറിറ്റി അധികൃതർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ സ്ഥലപരിശോധന നടത്തുകയും നിർദിഷ്ട പദ്ധതിക്കായി കുഴപ്പിള്ളി വില്ലേജ് ബ്ലോക്ക് 1 .റീസർവ്വെ 12/2-ന് പടിഞ്ഞാറ് ഭാഗത്ത് unsurveyed ഭൂമിയായ 60 സെൻറ് സ്ഥലം കടൽ ഭിത്തിക്ക് പടിഞ്ഞാറ് ഭാഗം ലഭ്യമാക്കുന്നതിനുവേണ്ടി റീസർവ്വെ നടത്തുന്നതിനും തുടർ നടപടികൾക്കുമായി ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും നിലവിലുള്ള നിയമപ്രകാരം ഭൂമി കൈമാറ്റം, ഉപയോഗാനുമതി തുടങ്ങിയ വിഷയത്തിൽ സർക്കാരിന്റെ സേവന വകുപ്പുകൾ അല്ലാത്ത |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് അനുമതി വാങ്ങേണ്ടതാണെന്നും കേരളവാട്ടർ അതോറിറ്റി സേവന വകുപ്പല്ലാത്തതിനാൽ നിലവിലുള്ള നിയമപ്രകാരം കമ്പോളവില ഈടാക്കി ഭൂമി പതിച്ചോ, പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചുവരുന്നതെന്നും അപ്രകാരം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളുവെന്നും ജില്ലാകളക്ടറുടെ ഓഫീസിൽ നിന്നും അറിയിക്കുകയുണ്ടായി. തുടർന്ന് 20.10.2022-ൽ ഡീസാലിനേഷൻ പ്ലാന്റുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിലെ നിർദ്ദേശമനുസരിച്ച് 07.11.2022-ൽ കപ്പാസിറ്റി കാൽക്കുലേഷൻ, ഭൂമിയുടെ സ്കെച്ച് എന്നിവ തുടർ നടപടികൾക്കായി സമർപ്പിക്കുകയുണ്ടായി. തുടർന്ന് PER തയ്യാറാക്കി സമർപ്പിച്ചു. ടി പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം വിശദമായി അറിയുന്നതിന് സ്ഥലത്തിന്റെ റീസർവ്വേ സ്കെച്ചും ഗ്രൂപ്പ് സ്കെച്ചും പ്രസ്തുത സ്ഥലത്തിന്റെ എതിർവശത്തുള്ള പ്ലോട്ടിന്റെ സർവ്വേ നമ്പറിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 28.02.2023-ൽ കളക്ടർക്ക് കത്ത് നൽകുകയുണ്ടായി. |
| (ബി) | പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്ന റീസർവേ സ്കെച്ചും ഗ്രൂപ്പ് സ്കെച്ചും പെർമിറ്റ് സാങ്ക്ഷനും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഭൂരേഖ സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് 12.01.2024-ൽ കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഭൂരേഖ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക്, ഭരണാനുമതി നൽകി, തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ